# കേരള നിയമസഭ
# 15.07.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂലൈ 15, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |

### ഒ.എം.ആർ. പരീക്ഷകളുടെ മൂല്യനിർണ്ണയം

*721 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി നടത്തുന്ന ഒ.എം.ആർ. പരീക്ഷകളുടെ മൂല്യനിർണ്ണയം കുറ്റമറ്റതാക്കുന്നതിനും വേഗത്തിലാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>പോലീസിലെ സംഘടനാ പ്രവര്‍ത്തനങ്ങള്‍</u>

*722 ശ്രീ. സി. ദിവാകരന്‍
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി.എസ്. ജയലാല്‍
,, ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പോലീസിലെ സംഘടനാ പ്രവര്‍ത്തനങ്ങള്‍ക്കെതിരെ ഹൈക്കോടതി വിമര്‍ശനമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇത്തരത്തില്‍ ഒരു വിമര്‍ശനം ഉണ്ടാകാനിടയായ സാഹചര്യങ്ങള്‍ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഹൈക്കോടതി വിമര്‍ശനത്തിന്റെ പശ്ചാത്തലത്തില്‍ എന്തെങ്കിലും നടപടികള്‍ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ വിശദമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്കുള്ള സേവനങ്ങളുടെ പരിഷ്കരണം

*723 ശ്രീ. സി. എഫ്. തോമസ്
'' മോൻസ് ജോസഫ്
'' റ്റി.യു. കുരുവിള
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന സേവനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ അധിവാസമേഖലയിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി ഉണ്ടാകുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ഭവന - വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ കാര്യമായ വർദ്ധനവ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>പോലീസ് സേനയിലെ സംഘടനാപ്രവര്‍ത്തനം</u>

*724 ഡോ. കെ. ടി. ജലീല്‍
ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, ആര്‍. രാജേഷ്
,, എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പോലീസ് സേനയില്‍ സംഘടനാപ്രവര്‍ത്തനം നിരോധിക്കേണ്ടതാണെന്ന ഹൈക്കോടതി നിരീക്ഷണം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിലുള്ള നിലപാട് വെളിപ്പെടുത്താമോ;

(സി) സേനയിലെ സംഘടനാ പ്രവര്‍ത്തനം മൂലം രാഷ്ട്രീയ കൊലപാതക കേസ്സുകളില്‍ കാര്യക്ഷമമായ അന്വേഷണം നടക്കുന്നില്ലെന്ന പരാമര്‍ശം നടത്താനിടയായ കേസന്വേഷണങ്ങള്‍ ഏതൊക്കെയായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പോലീസ് സംവിധാനത്തെ രാഷ്ട്രീയപ്രേരിതമായി ദുരുപയോഗപെടുത്തുന്നുവെന്ന ആക്ഷേപം പോലീസ് സേനയ്ക്ക് അവമതിപ്പുളവാക്കിരിക്കുകയാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>വിവരാവകാശ നിയമനടത്തിപ്പിന്റെ കാര്യക്ഷമത</u>

*725 ശ്രീ. എൻ. ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി
,, കെ.എൻ.എ. ഖാദർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമനടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കമ്മീഷന്റെ ഭാഗത്തുനിന്നും ശുപാർശകളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്നും അക്കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ശുപാർശ അംഗീകരിക്കാതിരിക്കാനുള്ള കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ ഭൂമി കയ്യേറ്റങ്ങൾ</u>

*726 ശ്രീ. എ.കെ. ബാലൻ
,, എളമരം കരീം
,, എം. ചന്ദ്രൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനഭൂമിയായി 1909-ൽ പ്രഖ്യാപിക്കപ്പെട്ട നെല്ലിയാമ്പതിയിലെ തോട്ടങ്ങൾ പിന്നീട് ഏതെങ്കിലും ഘട്ടത്തിൽ സ്വകാര്യവ്യക്തികൾ അന്യായമായി കൈവശപ്പെടുത്തിയതായി അറിവുണ്ടോ ;

(ബി) നെല്ലിയാമ്പതിയിലെ അത്തരം ഭൂമി കയ്യേറ്റങ്ങളെല്ലാം അസാധുവാണെന്ന് സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി റിപ്പോർട്ടു ചെയ്തിട്ടുണ്ടായിരുന്നുവോ ;

(സി) നിയമവിരുദ്ധമായി കൈവശം വയ്ക്കുന്ന നെല്ലിയാമ്പതിയിലെ വനഭൂമികളെല്ലാം തിരിച്ച് പിടിക്കാൻ സാധ്യമായിട്ടുണ്ടോ ; അവശേഷിക്കുന്നുണ്ടെങ്കിൽ അവ ഏതൊക്കെ ; വിശദമാക്കാമോ ?

(ഡി) നെല്ലിയാമ്പതി വില്ലേജിലെ കരുണാപ്ലാന്റേഷന് പാട്ടത്തിനു നൽകിയ 314.45 ഹെക്ടർ തോട്ടം പോബ്സ് എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ പേരിൽ കരം തീർക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിയ തീരുമാനത്തിനെതിരെയുണ്ടായ ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ ; അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 15.07.2014–ലെ മറുപടിക്ക്

മറൈൻ ആംബുലൻസ്

*727 ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ് സംവിധാനം ആരംഭിക്കുമെന്ന് 2013–ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) മറൈൻ ആംബുലൻസ് സംവിധാനം ആരംഭിക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സ്ത്രീകളുടെ യാത്രാസുരക്ഷിതത്വം</u>

*728 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എം.എ. വാഹീദ്
,, വി.റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ബസ്സ് സ്റ്റേഷനുകളിൽ സുരക്ഷിത സ്ത്രീയാത്രാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) എന്തെല്ലാം സ്ത്രീശാക്തീകരണ സഹായങ്ങളാണ് പദ്ധതിയനുസരിച്ച് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എല്ലാ ബസ്സ് സ്റ്റേഷനുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ബോണസ്</u>

*729 ശ്രീ. കെ. കെ. നാരായണൻ
,, സി. കെ. സദാശിവൻ
,, കെ. ദാസൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യോത്പാദനവർദ്ധനവിനും വരുമാന വർദ്ധനവിനുമായി മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ബോണസ് അനുവദിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉല്പാദന ബോണസ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പദ്ധതിക്ക് ഭരണാനുമതി നൽകിയത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(സി) ബജറ്റിൽ വകയിരുത്തിയ തുകയിൽ നിന്ന് എത്ര ശതമാനം തുക ഇതിനകം ഉല്പാദന ബോണസായി നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>മത്സ്യം ഗുണമേന്മ നഷ്ടപ്പെടാതെ ലഭ്യമാക്കുന്ന പദ്ധതി</u>

*730 ശ്രീ. ബാബു എം. പാലിശ്ശേരി
,, പി.കെ. ഗുരുദാസൻ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലിൽ നിന്നും കരയിലെത്തിക്കുന്ന മത്സ്യം ഗുണമേന്മ നഷ്ടപ്പെടാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ വഴി മത്സ്യഫെഡ് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിനായി ബജറ്റിൽ വകയിരുത്തിയ തുകയിൽ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി ;

(സി) മത്സ്യഫെഡിന് തുക കൈമാറിയിട്ടുണ്ടോ ;

(ഡി) എല്ലാ തദ്ദേശസ്ഥാപനങ്ങളിലും മത്സ്യവിപണന ശാലകൾ സ്ഥാപിക്കുന്നതിന് മൊത്തം എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു ?

# കേരള നിയമസഭ
## 15.07.2014–ലെ മറുപടിക്ക്

കൃഷിനാശം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന്റെ നിര്‍ദ്ദേശം

*731 ശ്രീ. ചിറ്റയം ഗോപകുമാര്‍
,, ഇ. ചന്ദ്രശേഖരന്‍
,, ഇ. കെ. വിജയന്‍
ശ്രീമതി ഇ.എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷി നാശമുള്‍പ്പെടെ ആക്രമണമുണ്ടാക്കുന്ന മൃഗങ്ങളെ കൊല്ലാന്‍ കര്‍ഷകര്‍ക്ക് അനുമതി നല്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ അഭിപ്രായം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ അതിന്മേലുള്ള സര്‍ക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷനില്‍ നിന്നും പൊതുവെ ഉണ്ടായിട്ടുള്ള നിര്‍ദ്ദേശങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

മുങ്ങിമരണങ്ങൾ

*732 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, പി.കെ. ബഷീർ
,, എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളത്തിൽ വീണുള്ള മരണങ്ങൾ ക്രമാതീതമായി വർദ്ധിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ചെറുപ്പക്കാരും കുട്ടികളുമാണ് അപകടങ്ങളിൽപ്പെടുന്നതിൽ ഭൂരിഭാഗവുമെന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ സമഗ്രമായ ഒരു പഠനത്തിന് നിർദ്ദേശം നൽകുകയും ഇത്തരം അപകടമരണങ്ങൾക്കുള്ള സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ ?

# കേരള നിയമസഭ
## 15.07.2014–ലെ മറുപടിക്ക്

<u>വിജിലൻസ് കേസുകളിലെ കാര്യക്ഷമത</u>

*733 ശ്രീ. ജോസഫ് വാഴക്കൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി നിയമഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പുതിയ വിജിലൻസ് കോടതികളും ഹൈക്കോടതിയിൽ സ്പെഷ്യൽ ബഞ്ച് എന്നിവയും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**15.07.2014-ലെ മറുപടിക്ക്**

<u>കടുവാസങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനം</u>

*734 ശ്രീ. കെ.വി. വിജയദാസ്
,, കെ.കെ. ജയചന്ദ്രൻ
,, വി. ചെന്താമരാക്ഷൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരിയാർ, പറമ്പിക്കുളം കടുവാസങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനത്തിനായി നൂതന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിക്ക് രൂപം നൽകിയതാരാണ്; പദ്ധതി സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; പദ്ധതിക്ക് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു;

(സി) ബജറ്റിൽ നീക്കിവെച്ച തുകയിൽ എത്ര ശതമാനം ഇതിനകം ചെലവഴിക്കുകയുണ്ടായി;

(ഡി) പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; പദ്ധതിക്ക് കേന്ദ്രസഹായം ഉറപ്പാക്കിയിട്ടുണ്ടോ ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ലൈംഗികാതിക്രമ അന്വേഷണങ്ങളിലെ കാര്യക്ഷമത</u>

*735 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കൃഷ്ണൻ
,, പി. റ്റി. എ. റഹീം
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വന്നുകൊണ്ടിരിക്കുന്നതായ ലൈംഗികാതിക്രമങ്ങളുമായി ബന്ധപ്പെട്ട പോലീസ് അന്വേഷണം നീതിപൂർവ്വവും സമയബന്ധിതവുമാക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(ബി) ജസ്റ്റിസ് വർമ്മ കമ്മിറ്റിയുടെ നിർദ്ദേശങ്ങളിലെ കാതലായ ഭാഗങ്ങൾ സ്വീകരിച്ചുകൊണ്ടുള്ള നിയമ നിർമ്മാണത്തിന് തയ്യാറാകാതിരിക്കുന്നത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവര്‍ത്തന ലക്ഷ്യങ്ങള്‍</u>

*736 ശ്രീ. കെ. അജിത്
,, വി.എസ്. സുനില്‍ കുമാര്‍
,, വി. ശശി
,, ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പോലീസ് കംപ്ലയിന്റ് അതോറിറ്റി രൂപീകരിച്ചതെന്നാണ്; പ്രസ്തുത അതോറിറ്റിയുടെ പ്രവര്‍ത്തന ലക്ഷ്യങ്ങള്‍ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അതോറിറ്റിയില്‍ ലഭിച്ച എത്ര പരാതികളിന്‍മേല്‍ തീര്‍പ്പ് കല്പിക്കാനുണ്ട്; പരാതികള്‍ കെട്ടിക്കിടക്കുവാനുണ്ടായ കാരണങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ലഭിക്കുന്ന പരാതികളില്‍ യഥാസമയവും കെട്ടിക്കിടക്കുന്ന പരാതികളില്‍ സമയബന്ധിതമായും തീര്‍പ്പ് കല്പിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾക്കുള്ള പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ</u>

*737 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കായി പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ വനം വകുപ്പ് സംഘടിപ്പിക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഇതിനായി എത്ര ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം ക്യാമ്പുകളിൽ ഏതെല്ലാം വിഷയങ്ങളാണ് വിദ്യാർത്ഥികളെ പഠിപ്പിക്കാനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം ബോധവൽക്കരണ പരിപാടികൾ ഫലവത്താകാതെ പോകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കണ്ടല്‍ മരങ്ങള്‍</u>

*738 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോര്‍ട്സും സിനിമയും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തീരദേശമേഖലയില്‍ കാണുന്ന കണ്ടല്‍ക്കാടുകള്‍ നശിച്ചു തുടങ്ങിയ കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കായല്‍ കൈയ്യേറ്റവും നിര്‍മ്മാണ പ്രവര്‍ത്തനങ്ങളുമാണ് കണ്ടല്‍ക്കാടുകളുടെ നാശത്തിന് കാരണമെന്ന് മനസ്സിലാക്കി ഇതിന് പരിഹാരം കാണാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് കണ്ടല്‍ വച്ചുപിടിപ്പിക്കുന്നവര്‍ക്ക് ഒരു മരത്തിന് അഞ്ചുരൂപ വീതം നല്‍കിയിരുന്ന കാര്യം പരിഗണിച്ച് ഈ പദ്ധതി തുടര്‍ന്നും നടത്തുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.07.2014–ലെ മറുപടിക്ക്

<u>സര്‍വ്വീസ് ചട്ടങ്ങളുടെ പരിഷ്കരണം</u>

*739 ശ്രീ. കെ. മുരളീധരന്‍
,, ബെന്നി ബെഹനാന്‍
,, ആര്‍. സെല്‍വരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഉദ്യോഗസ്ഥരുടെ സര്‍വ്വീസ് ചട്ടങ്ങള്‍ പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം സര്‍വ്വീസ് ചട്ടങ്ങളാണ് പരിഷ്ക്കരണത്തില്‍ ഉള്‍പ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ജനങ്ങള്‍ക്ക് വേണ്ടിയുള്ള വിവിധ തരത്തിലുള്ള അവകാശ നിയമങ്ങള്‍ കൂടി സര്‍വ്വീസ് ചട്ടങ്ങളുടെ പരിഷ്ക്കരണത്തില്‍ ഉള്‍പ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി</u>

*740 ശ്രീ. വി. റ്റി. ബൽറാം
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൻറം ബസ്സുകൾക്കായി കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കമ്പനിയുടെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ;

(സി) കമ്പനിയുടെ ഘടനയും പ്രവർത്തനരീതിയും എങ്ങനെയായിരിക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) കമ്പനിയുടെ പ്രവർത്തനത്തിനായി കേന്ദ്ര നഗര വികസന വകുപ്പ് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>മലയാള സിനിമയിലെ ആദ്യനായിക പി.കെ. റോസിയുടെ സ്മരണ</u>

*741 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി.കെ. നാണു
,, മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളത്തിലെ ആദ്യ സിനിമയായ വിഗതകുമാരനിൽ നായികയായി അഭിനയിച്ച പി.കെ. റോസിയുടെ സ്മരണ നിലനിർത്താൻ ഗവൺമെന്റ് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) വർഷംതോറും മലയാള സിനിമയിലെ മികച്ച നടിക്ക് നൽകിവരുന്ന അവാർഡ് പി.കെ. റോസിയുടെ പേരിൽ നാമകരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>കാര്യക്ഷമമായ പോലീസ് കമ്മീഷണറേറ്റ്</u>

*742 ശ്രീ. ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്
,, ബെന്നി ബെഹനാൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ പൂർണ്ണമായും ശാക്തീകരിച്ച പോലീസ് കമ്മീഷണറേറ്റ് സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
# 15.07.2014–ലെ മറുപടിക്ക്

<u>പോലീസിനും അഗ്നിശമനസേനയ്ക്കും വാഹനങ്ങളും ഉപകരണങ്ങളും</u>

*743 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, കെ.എം. ഷാജി
,, എൻ.എ. നെല്ലിക്കുന്ന്
,, വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ്, ഫയർ ആന്റ് റെസ്ക്യൂ വിഭാഗം എന്നിവയുടെ പ്രവർത്തനത്തിന്റെ ഭാഗമായി വാങ്ങിയ ആധുനിക വാഹനങ്ങൾ, ആയുധങ്ങളുൾപ്പെടെയുള്ള മറ്റു ഉപകരണങ്ങൾ എന്നിവ ദുരുപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവയുടെ വിനിയോഗം, ഗുണനിലവാരം എന്നിവ സംബന്ധിച്ച് ഏതെങ്കിലും പരിശോധന ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരം നൽകാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം വാങ്ങിയ ആധുനിക വാഹനങ്ങൾ, വിലപിടിപ്പുള്ള മറ്റു ഉപകരണങ്ങൾ, ലഭ്യമായ സേനാവിഭാഗങ്ങൾ എന്നിവ സംബന്ധിച്ച വിശദവിവരം നൽകാമോ ?

## കേരള നിയമസഭ
## 15.07.2014–ലെ മറുപടിക്ക്

<u>സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം</u>

*744 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, പി. കെ. ഗുരുദാസൻ
,, എസ്. ശർമ്മ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘങ്ങളിലൂടെ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ച സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഒരു മത്സ്യത്തൊഴിലാളിക്ക് ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് അനുവദിക്കുന്ന പരമാവധി സബ്സിഡി തുക എത്രയായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) അർഹതയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും സബ്സിഡി നൽകുന്നതിന് പ്രതിവർഷം എത്ര കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ബജറ്റിൽ ഇതിനായി വകയിരുത്തിയ തുകയിൽ എത്ര ശതമാനം ഇതിനകം ചെലവഴിച്ചുവെന്നും അർഹതയുള്ള മത്സ്യത്തൊഴിലാളികൾ എത്രയാണെന്നും വ്യക്തമാക്കുമോ;

(ഇ) കാലാവധി കഴിഞ്ഞതും ലൈസൻസ് ഇല്ലാത്തതുമായ ഔട്ട് ബോർഡ് എഞ്ചിന്റെ പേരിൽ സബ്സിഡി ചോർന്നു പോകാതിരിക്കാനുള്ള കരുതൽ നടപടി എന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>ബാര്‍ലൈസന്‍സ് സംബന്ധിച്ച് ഹൈക്കോടതി നിരീക്ഷണം</u>

*745 ശ്രീ. എ.എം. ആരിഫ്
,, കോലിയക്കോട് എന്‍. കൃഷ്ണന്‍നായര്‍
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബാര്‍ ലൈസന്‍സ് വിഷയത്തില്‍ സര്‍ക്കാരിന്റെ നയവും നടപടികളും രണ്ടു വഴിക്കാവരുതെന്ന ബഹു.കേരള ഹൈക്കോടതി നിര്‍ദ്ദേശം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കോടതി ഇത്തരത്തില്‍ നിരീക്ഷിക്കാനിടയായതിന്റെ കാരണങ്ങള്‍ എന്തെല്ലാമായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) മദ്യലഭ്യത കുറയ്ക്കുക എന്ന ലക്ഷ്യം സര്‍ക്കാരിനുണ്ടോ; എങ്കില്‍ ബിവറേജസ് ഔട്ട്ലെറ്റുകളുടെ എണ്ണത്തില്‍ എത്ര ശതമാനം കുറയ്ക്കുകയുണ്ടായി;

(ഡി) സര്‍ക്കാര്‍ പ്രചരിപ്പിക്കുന്ന നയവും അനുവര്‍ത്തിക്കുന്ന നടപടികളും ഒരേദിശയില്‍ ആണോ; ഇല്ലെങ്കില്‍ ആയത് ഒരേദിശയില്‍ കൊണ്ടുവരാമോ;

(ഇ) സര്‍ക്കാര്‍ നയം സര്‍ക്കാര്‍ തന്നെ തെറ്റിക്കുന്ന സാഹചര്യം നിലനില്‍ക്കുന്നുണ്ടോ; എങ്കില്‍ ആയത് ഇല്ലാതാക്കാമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>അടിസ്ഥാനവിവരശേഖരങ്ങൾ സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ച നടപടി</u>

*746 ശ്രീ. ബി. സത്യൻ
,, എം. എ. ബേബി
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രധാനമായ രഹസ്യ വിവരശേഖരങ്ങൾ കൈകാര്യം ചെയ്യുന്ന സർക്കാർ വകുപ്പുകളിൽ കടന്നുകയറാൻ സ്വകാര്യ കമ്പനിയെ അനുവദിച്ചിരിക്കുന്നത് സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആധാർ കാർഡും വോട്ടർപട്ടികയും തയ്യാറാക്കാൻ ശേഖരിച്ച വിവരങ്ങൾ ഓസ്പിയൻ ടെക്നോളജീസ് എന്ന ഒരു സ്വകാര്യ കമ്പനിക്ക് സർക്കാർ കൈമാറിയത് ഏത് തലത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ കമ്പനിയെ ഇതിനകം എന്തെല്ലാം നിലയിലുള്ള ജോലികൾ ഏൽപ്പിച്ചിട്ടുണ്ട്; ഇ-ഫയലിംഗ് സംവിധാനമൊരുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; കമ്പനിയെ കണ്ടെത്തിയത് ടെണ്ടറിലൂടെയാണോ;

(ഡി) ജനങ്ങളുടെ അടിസ്ഥാന വിവരശേഖരങ്ങളുടെ സൂക്ഷിപ്പ് സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിക്കാതെ സർക്കാർ നിയന്ത്രണത്തിൽ തന്നെ കൊണ്ടുവരാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>പോലീസ് ഉദ്യോഗസ്ഥർക്കും കുടുംബങ്ങൾക്കും മെഡിക്കൽ ഇൻഷ്വറൻസ്</u>

*747 ശ്രീ. കെ. അച്ചുതൻ
,, കെ. ശിവദാസൻ നായർ
,, വി. റ്റി. ബൽറാം
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്കും കുടുംബങ്ങൾക്കും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനുള്ള ധനം എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

<u>മരം മുറിയ്ക്കൽ തടയുന്നതിന് നടപടി</u>

*748 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലായാൽ സ്വന്തം പുരയിടത്തിൽ നിന്നുപോലും മരംമുറിക്കാൻ കഴിയില്ലെന്നുകർഷകരെ തെറ്റിദ്ധരിപ്പിച്ച് തടി മാഫിയ ഹൈറേഞ്ച് പ്രദേശങ്ങൾ വെട്ടിവെളുപ്പിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലക്ഷങ്ങൾ വരുന്ന മരങ്ങൾ നിസ്സാരവിലയ്ക്ക് തട്ടിയെടുക്കുകയാണ് തടി മാഫിയയെന്നത് ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

(സി) വനമേഖലയോടു ചേർന്ന പ്രദേശങ്ങളിലെ വ്യാപകമായ മരംമുറിക്കൽ തടയുന്നതിനായി വനം വകുപ്പ് അധികൃതർ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.07.2014–ലെ മറുപടിക്ക്

റോഡപകടങ്ങളുടെ വിശകലനം

*749 ശ്രീ. പി.കെ. ബഷീർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എന്തെങ്കിലും ഗതാഗത വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) എങ്കിൽ 2013–ൽ ഉണ്ടായ അപകടങ്ങൾ വിശകലനം ചെയ്തതിൽ നിന്നും വെളിപ്പെട്ട വിവരങ്ങൾ വിശദമാക്കാമോ ;

(സി) മദ്യപിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് മൂലമുണ്ടാകുന്ന അപകടങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടില്ലെങ്കിൽ അപകടങ്ങളിൽ ഡ്രൈവറുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചയിൽ മദ്യത്തിനുള്ള പങ്കിനെക്കുറിച്ച് പഠനവും വിവരശേഖരണവും നടത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.07.2014-ലെ മറുപടിക്ക്

വനിതാ പോലീസ് സേനയ്ക്ക് കൂടുതൽ അധികാരങ്ങൾ

*750 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, പി. എ. മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് സേനയ്ക്ക് കൂടുതൽ അധികാരങ്ങൾ നൽകാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി വനിതാ ഓഫീസർമാർക്ക് പോലീസ് സ്റ്റേഷന്റെ ചുമതല നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം ചുമതലകളും അധികാരങ്ങളുമാണ് ഇതുവഴി വനിതാ ഓഫീസർമാർക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്ന് മുതലാണ് പ്രസ്തുത സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂലൈ 6.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]